**"ഭരണഭാഷ-മാതൃഭാഷ"**

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണവകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാംനില
പബ്ലിക ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം -33

Phone : 0471 – 2324951
0471 – 2325071
Tele Fax : 0471 – 2324951
Email: celsgd@gmail.com
Website : www.celsgd.kerala.gov.in

നം. DB4/411/2019/സിഇ/എൽ.എസ്.ജി.ഡി　　തീയതി: 01/01/2020

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് – സാങ്കേതിക വിഭാഗം – പ്രളയാനന്തരം തകർന്ന സംസ്ഥാനത്തെ പാലങ്ങളുടെയും, തൂക്കുപാലങ്ങളുടെയും പട്ടിക തയ്യാറാക്കി ഡി.പി.ആർ സമർപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന:-
1. 21/12/2019 ആർ.കെ.ഐ.1/125/2019/പി.എൽ.ജി.ഇ.എ നമ്പർ സർക്കാർ കത്ത്
2. 21/11/2019 ലെ ; ആർ.കെ.ഐ ഉന്നതാധികാര സമിതി യോഗത്തിന്റെ നടപടിക്കുറിപ്പ്
3. സ.ഉ (കൈ) നം. 34/19/അസവ, തീയതി 12/12/2019

*****

മേൽ സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 21/11/2019 ൽ ചേർന്ന ആർ.കെ.ഐ ഉന്നതാധികാര സമിതി (എച്ച്.എൽ.ഇ.സി), തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലെ പ്രളയത്തിൽ തകർന്ന വിവിധ പാലങ്ങളും, തൂക്കുപാലങ്ങളും ആർ.കെ.ഐ പദ്ധതിയിൽ ഉൾപ്പെടുത്തി അടിയന്തരമായി പുനഃനിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്. ഇതിലേയ്ക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ പ്രളയത്തിൽ തകർന്നതും, അടിയന്തരമായി പുനഃനിർമ്മിക്കേണ്ടതുമായ പാലങ്ങളുടെയും, തൂക്കുപാലങ്ങളുടെയും മുൻഗണനാ പട്ടിക ജില്ലാതലത്തിൽ തയ്യാറാക്കി വിശദമായ ഡി.പി.ആർ സഹിതം, **08/01/2020 നകം, ഇ-മെയിൽ മുഖേനയും, നേരിട്ടും** ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. കോർപ്പറേഷൻ പരിധിയിൽ വരുന്ന പ്രവൃത്തികൾ അതാത് സൂപ്രണ്ടിംഗ് എഞ്ചിനീയർമാരും, മുനിസിപ്പാലിറ്റികളുടേത് അതാത് ഉത്തര/ദക്ഷിണ മേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരും, ഗ്രാമ പഞ്ചായത്തുകളുടേത്, അതാത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും മുഖേനയാണ് സമർപ്പിക്കേണ്ടത്. പ്രവൃത്തികളുടെ ഡി.പി.ആർ അടിയന്തരമായി സർക്കാരിലേക്ക് സമർപ്പിക്കേണ്ടതായതിനാൽ, ഈ വിഷയം ഗൗരവപരമായി കണ്ട് കാലതാമസം ഒഴിവാക്കേണ്ടതാണ്.

ചീഫ് എഞ്ചിനീയർ

എൻ.പി/-